**വയനാട് ജില്ലയിലെ വനിതാ കോൺസ്റ്റബിൾമാരുടെ സ്ഥാനക്കയറ്റം**

**78(370)** ശ്രീ. പി. കൃഷ്ണപ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1990-ൽ വയനാട് ജില്ലയിൽ എത്ര വനിതാ പോലീസ് കോൺസ്റ്റബിൾമാരാണ് സർവ്വീസിൽ പ്രവേശിച്ചത്;

(ബി) ഇവരിൽ എത്ര പേർക്കാണ് പിന്നീട് ഡിപ്പാർട്ട്മെന്റ് പ്രൊമോഷൻ നൽകിയതെന്നും ഏതെല്ലാം തസ്തികകളിലേക്കായിരുന്നു സ്ഥാനക്കയറ്റമെന്നും വ്യക്തമാക്കുമോ;

(സി) ഇവരിൽ 19 വർഷമായി സ്ഥാനക്കയറ്റം ലഭിക്കാതെ എത്ര പേരാണ് ഇപ്പോൾ എൻട്രി കേഡറിൽ തുടരുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത വിഭാഗത്തിന് സ്ഥാനക്കയറ്റം നടക്കാതെ പോയത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(ഇ) ഇവർക്ക് ശേഷം സർവ്വീസിൽ വന്ന വനിതാ പോലീസുകാർക്ക് പ്രമോഷൻ നൽകിയിട്ടുണ്ടോ;

(എഫ്) സ്ഥാനക്കയറ്റം ലഭിക്കാത്ത വിഭാഗത്തിന് പ്രൊമോഷൻ നൽകാൻ നടപടി ആലോചിക്കുമോ?

ഉത്തരം

(എ) 1990 ബാച്ചിൽ നിന്ന് 22 വനിതാ പോലീസ് കോൺസ്റ്റബിൾമാർ 15-3-1991-ൽ വയനാട് ജില്ലയിൽ ജോലിയിൽ പ്രവേശിച്ചിരുന്നു.

(ബി) ഇവരിൽ 12 പേർക്ക് പ്രൊമോഷൻ നൽകിയിട്ടുണ്ട്. സി.ഐ., എസ്.ഐ., എച്ച്.സി. തസ്തികകളിലേക്കായിരുന്നു സ്ഥാനക്കയറ്റം.

(സി) 11 പേർ (ഒന്ന് സൂപ്പർ ന്യൂമററി പോസ്റ്റ്).

(ഡി) ഒഴിവുകൾ ഇല്ലാത്തതിനാൽ.

(ഇ) ഉണ്ട്.

(എഫ്) നടപടി സ്വീകരിച്ചുവരുന്നു.

**പോലീസ് വെരിഫിക്കേഷനിലെ കാലതാമസം**

**79(371)** ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി ജോലിയിൽ പ്രവേശിക്കുന്ന ആളുകളുടെ നിയമനം അംഗീകരിക്കുന്നതിന് മുൻപായി പോലീസ് വിശദവിവരം അന്വേഷിച്ച് റിപ്പോർട്ട് നൽകുന്ന സമ്പ്രദായം നിലവിലുണ്ടോ; എങ്കിൽ അന്വേഷണത്തിനായി പോലീസിന് ലഭിക്കുന്ന പ്രൊഫോർമ അന്വേഷണം നടത്തി എത്ര ദിവസത്തിനുള്ളിൽ തിരികെ നൽകുമെന്ന് വ്യക്തമാക്കുമോ ;

(ബി) കേരള ഹൈക്കോടതി, വകുപ്പ് മേധാവികൾ, ഇതര സ്ഥാപനങ്ങളുടെ മേധാവികൾ എന്നിവർ പോലീസ് വെരിഫിക്കേഷൻ നടത്തി നൽകുന്നതിന് പോലീസിന് കൈമാറുന്ന പ്രൊഫോർമ യഥാസമയം തിരികെ നൽകാറില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ യഥാസമയം കൃത്യമായ റിപ്പോർട്ട് തിരികെ നൽകുന്നതിന് എന്തെല്ലാം നടപടികൾ കൈക്കൊള്ളുമെന്ന് വിശദീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly